## പതിനാലാം കേരള നിയമസഭ
## 15-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.32** **28.05.2019-ൽ മറുപടിയ്ക്ക്**

## തീരദേശ പരിപാലന നിയമം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ പുതിയ വിജ്ഞാപനപ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ വിജ്ഞാപനമനുസരിച്ചുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan -CZMP) തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമാനുസൃതമായിട്ടുള്ള ഏജൻസിയും, തീരദേശ പരിപാലന നിയമം 2011 അടിസ്ഥാനമാക്കിയുള്ള തീരദേശ പരിപാലന പ്ലാൻ (CZMP) തയ്യാറാക്കിയതുമായ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് (National Centre for Earth Science Studies -NCESS) നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിച്ചാൽ ഉടൻ തന്നെ ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) കേരള തീരദേശ പരിപാലന അതോറിറ്റി തീരദേശ ജില്ലകളിൽ ജില്ലാകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. CRZ III മേഖലയിലെ വികസന നിഷിദ്ധ മേഖലയായ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും, കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ |

രേഖയിൽ നിന്നും 100 മീറ്ററിനും ഇടയിൽ, നിലവിലുള്ള തറവിസ്തീർണ്ണത്തിനു വിധേയമായി വീടുകളുടെ അറ്റകുറ്റപണികൾക്കും പുനർ നിർമ്മാണത്തിനും, കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ 100$M^2$ വരെ തറ വിസ്തീർണമുള്ള വീടുകളുടെ നിർമ്മാണത്തിനും, പുനർനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും, വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽ നിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ )250 $M^2$ വരെ തറ വിസ്തീർണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും, CRZ II മേഖലയിൽ 250 $M^2$ വരെ തറ വിസ്തീർണമുള്ള ഭവനങ്ങൾക്ക് CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും പ്രസ്തുത ജില്ലാ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. തീർപ്പാകാതെ കെട്ടിക്കിടന്ന അപേക്ഷകളെല്ലാം തന്നെ പ്രസ്തുത ജില്ലാ കമ്മിറ്റികൾ വഴി തീർപ്പാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**